(സി) പ്രസ്തുത വില്ലേജ് എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) — (സി) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനസംഘടനയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗകമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായതിന് ശേഷമേ പുതിയ വില്ലേജ് രൂപീകരണം എന്ന ആവശ്യം പരിഗണിക്കാനാവൂ.

മൈത്രീ ഭവന പദ്ധതി

202 [1827] *ശ്രീ. എ. എ. അസീസ് :*

,, *കോവൂർ കുഞ്ഞുമോൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന പദ്ധതി പ്രകാരം വായ്പ ലഭിക്കുകയും ഒന്നും രണ്ടും ഗഡുക്കൾ വായ്പ കൈപ്പറ്റി കെട്ടിടം പണി പൂർത്തീകരിക്കുകയും ചെയ്തശേഷം അവസാനത്തെ ഗഡു തുക കെട്ടിടം വലുതായിപ്പോയെന്ന കാരണത്താൽ നിഷേധിക്കുകയും വാങ്ങിയ തുകയും, പലിശയും തിരിച്ചടയ്ക്കണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുള്ള നിരവധി കേസ്സുകൾ നിലവിലുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വീട് അൽപ്പം വലുതായിപ്പോയെന്ന കാരണത്താൽ സ്വീകരിച്ചിട്ടുള്ള ഇത്തരം നടപടികൾ നിറുത്തിവയ്ക്കുകയും അവസാനത്തെ ഗഡു തുക നൽകുന്നതിന് നടപടി കൈക്കൊള്ളുകയും ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വന്തമായി വാസയോഗ്യമായ ഭവനം ഇല്ലാത്തവരും മാസവരുമാനം 1800 രൂപയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിയ ഭവന പദ്ധതിയാണ് മൈത്രീ ഭവന പദ്ധതി. ടി പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ സർക്കാർ അംഗീകൃത തറവിസ്തീർണ്ണം 28.33 ചതുരശ്ര മീറ്റർ ആയിരുന്നു. 27-7-1998-ൽ 35 ചതുരശ്ര മീറ്ററായും 10-1-2003-ൽ 50 ചതുരശ്ര മീറ്ററായും തറ വിസ്തീർണ്ണ പരിധി സർക്കാർ ഉയർത്തിയിട്ടുണ്ട്. 50 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണത്തിൽ വീടുകൾ നിർമ്മിച്ച ധാരാളം അപേക്ഷകൾ ലഭിച്ചതിനാൽ 25-5-2005-ൽ കൂടിയ ബോർഡ് താഴെ പറയുന്ന തറ വിസ്തീർണ്ണ പരിധിക്കുള്ളിലുള്ള വീടുകൾക്കു മാത്രം വായ്പ ഗഡുക്കൾ നൽകിയാൽ മതിയെന്ന് തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1. കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾ പരമാവധി 60 ചതുരശ്ര മീറ്റർ വരെ.

2. ഓടുമേഞ്ഞ വീടുകൾ പരമാവധി 70 ചതുരശ്ര മീറ്റർ വരെ.

3. ഷീറ്റുകൊണ്ടുള്ള മേൽക്കൂരയുള്ള വീടുകൾ പരമാവധി 80 ചതുരശ്ര മീറ്റർ വരെ, ടി പദ്ധതി പ്രകാരം 28,000 രൂപയാണ് ബോർഡ് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. ഇതിൽ 19,000 രൂപ വായ്പയായും 9,000 രൂപ സർക്കാർ സബ്സിഡിയുമാണ്. സബ്സിഡിക്കുള്ള പദ്ധതി ആയതിൽ മേൽപ്പറഞ്ഞ തറവിസ്തീർണ്ണത്തിൽ കൂടുതലുള്ള വീടുകൾക്ക് വായ്പാ ഗഡുക്കൾ നൽകുവാൻ വ്യവസ്ഥയില്ല.

മൈത്രീ പദ്ധതി 31-12-2004-ൽ പൂർണ്ണമായി ബോർഡ് നിറുത്തലാക്കുകയും ചെയ്തു.

ത്രിതല പഞ്ചായത്ത് മുഖേന നൽകുന്ന ഭവന നിർമ്മാണ സഹായം

203 [1828] *ശ്രീ. കെ. പി. മോഹനൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് മുഖേന ഭവന നിർമ്മാണ വകുപ്പ് വീട് നിർമ്മിക്കാൻ നൽകുന്ന ധനസഹായങ്ങൾ വിശദീകരിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത വകുപ്പ് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒരു പ്രാവശ്യം ധനസഹായം ലഭിച്ച ഉപഭോക്താവിന് വീട് പുതുക്കിപണിയാൻ ധനസഹായം ലഭിക്കാൻ എന്തൊക്കെ വ്യവസ്ഥകളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ;

(ഡി) വീട് പണിതവർക്ക് അത് റിപ്പയർ ചെയ്യാൻ ധനസഹായം നൽകാറുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകളാണെന്ന് വിശദീകരിക്കാമോ;

(ഇ) പാവപ്പെട്ടവരെ സഹായിക്കാൻ ഇപ്പോഴുള്ള നിയമങ്ങളിൽ ഇളവ് വരുത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) ലക്ഷം വീട് കോളനി നവീകരണ പദ്ധതി, മൈത്രീ ഭവന നിർമ്മാണ പദ്ധതി എന്നിവ ത്രിതല പഞ്ചായത്ത് മുഖേന ഭവന നിർമ്മാണ ബോർഡ് നടപ്പാക്കിയ പദ്ധതികളാണ്. ഈ പദ്ധതികൾ പ്രകാരം നൽകുന്ന ധനസഹായ വിവരങ്ങൾ ഇനി പറയുന്നു.

1. ലക്ഷംവീട് കോളനി പദ്ധതി-കേരള സർക്കാർ 1972-ൽ നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയിൽപ്പെട്ട വീടുകൾ ശരിയായ അറ്റകുറ്റപ്പണികളും മറ്റും ചെയ്യാത്തതിനാൽ ശോചനീയവസ്ഥയിലായതിനാൽ പ്രസ്തുത വീടുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളോടുകൂടി വാസയോഗ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പുതിയ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly